(സി)

| വർഷം | | നീക്കിവച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1. | കൊല്ലം | 100.00 | 100.00 |
| | (2007-08) | | |
| | (2008-09) | ഇല്ല | ഇല്ല. |
| 2. | എറണാകുളം | | |
| | (2007-08) | ഇല്ല | ഇല്ല. |
| | (2008-09) | 100.00 | 88.00 |

2009-10 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ല.

(ഡി) ഈ വർഷം രണ്ട് ജില്ലകളിൽ കൂടി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്.

**തെക്കേവാഴക്കുളം മൃഗസംരക്ഷണ ഉപകേന്ദ്രത്തിലെ സേവനങ്ങൾ**

176 (189) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിൽ തെക്കേ വാഴക്കുളത്ത് പ്രവർത്തിക്കുന്ന മൃഗസംരക്ഷണ ഉപകേന്ദ്രത്തിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ഇപ്പോൾ കർഷകർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഉപകേന്ദ്രത്തിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര ജീവനക്കാർ ഉണ്ടെന്ന് വിശദമാക്കുമോ ;

(സി) ഈ ഉപകേന്ദ്രത്തിൽ മൃഗഡോക്ടറുടെ സേവനം ലഭ്യമാണോ ;

(ഡി) ഈ ഉപകേന്ദ്രം മൃഗാശുപത്രിയാക്കി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) വളർത്തുമൃഗങ്ങൾക്കുള്ള പ്രാഥമിക ചികിത്സാ സംവിധാനം (ഫസ്റ്റ് എയിഡ്) സൗജന്യ കൃത്രിമ ബീജ[illegible]നസൗകര്യങ്ങൾ, വിവിധ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ് സൗകര്യങ്ങൾ, കറവപ്പശുക്കൾക്ക് വിരമരുന്നുകളുടെ വിതരണം, തീറ്റപ്പുൽ വിതരണം, അകിടുവീക്ക രോഗനിയന്ത്രണ കിറ്റുകൾ വിതരണം തുടങ്ങിയ സേവനങ്ങളാണ് ഇപ്പോൾ കർഷകർക്ക് ലഭ്യമാക്കുന്നത്.

(ബി) ഈ ഉപകേന്ദ്രത്തിൽ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ വിഭാഗത്തിൽപ്പെട്ട രണ്ട് ജീവനക്കാരാണുള്ളത്.

(സി) ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഉപകേന്ദ്രം മൃഗാശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പരിയാരം പഞ്ചായത്തിലെ പോത്തിറച്ചി സംസ്കരണ ഫാക്ടറി**

177 (180) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിൽ എം.പി.ഐ യുടെ പോത്തിറച്ചി സംസ്കരണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) ഏതു രീതിയിൽ പദ്ധതി നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

**ഉത്തരം**

(എ) ചാലക്കുടിയിലെ പോത്തിറച്ചി സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിന് ചെന്നൈയിലെ സ്വകാര്യ സ്ഥാപനമായ വെർജിൻ ഫുഡ് സർവ്വീസസ്സ് എന്ന സ്ഥാപനം നൽകിയ പദ്ധതി നിർദ്ദേശം 1-6-2010-ലെ ഡയറക്ടർ ബോർഡ് യോഗത്തിൽ ചർച്ച ചെയ്തു. 3 മാസത്തിനകം 10 കോടി രൂപ മുതൽമുടക്കുന്നതിനുള്ള സന്നദ്ധത ഈ സ്ഥാപനം പ്രകടിപ്പിച്ചിട്ടുണ്ട്. കരട് ധാരണ പത്രം സബ്കമ്മിറ്റിയുടെ പരിശോധനയിലാണ്.

(ബി) ഒരു സംയുക്ത സംരംഭമായി (പി.പി.പി.) പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

**സർക്കാർ ഫാമുകളിലെ താല്ക്കാലിക തൊഴിലാളികൾ**

178 (181) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സർക്കാർ ഫാമുകളിലെ താൽക്കാലിക തൊഴിലാളികളായ ദിവസക്കൂലിക്കാർക്ക് ഇപ്പോൾ നൽകുന്ന ദിവസക്കൂലി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ദിവസക്കൂലി നൂറ്റി എൺപത് രൂപയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് ഇറക്കിയതനുസരിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലും ദിവസക്കൂലി വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly